**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **01-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുജനാരോഗ്യ മേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുജനാരോഗ്യമേഖലയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | **അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.** |
| (ബി) | സർക്കാർ ആശുപത്രികളെ ജനസൗഹൃദമാക്കിയ നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (ബി) | അനുബന്ധം - II ആയി ചേർത്തിരിക്കുന്നു. |
| (സി) | സർക്കാർ ആശുപത്രികളിലെ എല്ലാ തസ്തികകളിലെയും ജീവനക്കാരിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും അത്യപൂർവ്വ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്നവർക്ക് ഗുഡ് സർവീസ് എൻട്രിക്ക് പുറമേ പ്രത്യേക അവാർഡുകൾ ഏർപ്പെടുത്തി പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ആശുപത്രികളിൽ ജീവനക്കാർക്ക് നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾക്ക് പുറത്ത് നൂതനവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നവർക്കും കാലാകാലങ്ങളിൽ ഗുഡ് സർവീസ് എൻട്രിയ്ക്കായി പരിഗണനയ്ക്ക് ശുപാർശ ചെയ്യാറുണ്ട്. ഇത് ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന അവാർഡ് നൽകി വരാറുണ്ട്. അതുപോലെ തന്നെ സ്റ്റാഫ് നഴ്സുകൾക്ക് ഫ്ലോറൻസ് നൈറ്റിംഗ് ഗേൽ അവാർഡും മികവിന്റെ അടിസ്ഥാനത്തിൽ നൽകി വരാറുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

- ആരോഗ്യവകുപ്പിന്റെ പ്രവർത്തന മികവിന്റെ ഫലമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള 2022 ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിനാണ് അവാർഡ് ലഭിച്ചത്.

- കേന്ദ്ര ആഭ്യന്തര മന്ത്രാലയം ക്ഷയരോഗമുക്ത നിലവാരം വിലയിരുത്തുന്നതിനു വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്. നാഷണൽ ടി.ബി.എലിമിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വയനാട് ജില്ല കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഗോൾഡ് മെഡലിന് അർഹമായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ കാറ്റഗറിയിലും പുരസ്കാരം ലഭിച്ചു.

- ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബർ മാസത്തിൽ ലഭിച്ചു.

- ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) 17 സെപ്റ്റംബർ 2021 ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ("Rogi Suraksha Saptahh") വാരാഘോഷത്തിൻറെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം(അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി. ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച നഗര പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ(21 – 100 ആശുപത്രി തലത്തിൽ), കേരളം ഒന്നാം സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ദേശീയ തലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച പ്രാഥമിക ആരോഗ്യ കേന്ദ്ര വിഭാഗത്തിൽ (501 – 1000 ആശുപത്രി തലത്തിൽ), കേരളം റണ്ണർ അപ്പായി തിരഞ്ഞെടുക്കപ്പെട്ടു.

- ഈ സർക്കാരിന്റെ കാലത്ത് 93 സർക്കാർ ആശുപത്രികൾക്ക് ഇതുവരെ നാഷണൽ

ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ച അതിൽ 41 ആശുപത്രികൾക്ക് പുതുതായി എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുകയും52 ആശുപത്രികൾക്ക് പുനഃഅംഗീകാരം ലഭിക്കുകയുംചെയ്തു. 4 ജില്ലാ ആശുപത്രികൾ, 3 താലൂക്ക് ആശുപത്രികൾ, 4 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 26 നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 56 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് ഈ സർക്കാരിന്റെ കാലത്ത് (എൻ.ക്യു.എ.എസ്) അംഗീകാരം ലഭിച്ചിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങൾ.

- 01.10.2020 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ നൽകിയതിന് (43352) ആരോഗ്യ മന്ദൻ 3.0 (KASP)–2021 പുരസ്ക്കാരം ലഭിച്ചു.

- കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തിരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടുവാൻ സാധിച്ചു. (ആരോഗ്യ മന്ദൻ 4.0 (KASP)–2022 പുരസ്ക്കാരം.

- കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, മുലയൂട്ടൽ പ്രോത്സാഹനം, ആന്റിബയോട്ടിക് ദുരുപയോഗം തടയൽ തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ ശിശുരോഗ വിഭാഗത്തിന് കുട്ടികളുടെ ആരോഗ്യ ബോധവൽക്കരണ രംഗത്തെ മികവുറ്റ പ്രവർത്തനങ്ങൾക്ക് IAP കേരളയുടെ 2021–2022–ലെ പുരസ്ക്കാരം ലഭിച്ചു.

- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കി നൽകിയതിൽ പ്രധാന മന്ത്രി ആരോഗ്യ മിത്ര (Best PMAM) മൂന്നാം സ്ഥാനം ആലപ്പുഴ മെഡിക്കൽ കോളേജിന് ലഭിച്ചു.

- അമ്പലപ്പുഴ യു.എച്ച്.റ്റി.സി–യ്ക്ക് 2021–2022 വർഷത്തെ കായകല്പ അവാർഡ് ലഭിച്ചു. (സംസ്ഥാനതലത്തിൽ മികച്ച സെന്ററുകൾക്കുള്ള പ്രത്യേക പുരസ്കാരം).

- 2021 വർഷത്തിൽ ത്വക്ക് രോഗ വിഭാഗത്തിൽ ബെസ്റ്റ് പെർഫോമിംഗ് DSRC(Designated STI RTI Clinic) അവാർഡ് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുണ്ട്.

- 2021 വർഷത്തിൽ ത്വക്ക് രോഗ വിഭാഗത്തിൽ ബെസ്റ്റ് പെർഫോമിംഗ് DSRC(Designated STI RTI Clinic) അവാർഡ് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് ലഭിച്ചിട്ടുണ്ട്.

- ശിശുമരണ നിരക്കും അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്ക് ഏറ്റവും കുറവും കേരളത്തിലാണ്.
- ഏറ്റവും മികച്ച പ്രതിരോധകുത്തിവെയ്പ്പ് നൽകുന്ന സംസ്ഥാനം എന്ന ബഹുമതി കേരളത്തിന് ലഭിച്ചു.
- നാഷണൽ ഫാമിലി ഹെൽത്ത് സർവേയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു
- രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്.
- ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് മികവിന് നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം
- എഫ്.എസ്.എസ്.എ-യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്ക് (കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കാസർഗോഡ്) ദേശീയ പുരസ്കാരം.

Hari

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കുക, അവയുടെ നിലവാരം ഉറപ്പുവരുത്തുക അതിലൂടെ ചികിത്സാ ചിലവ് കുറയ്ക്കുക എന്നിവ ലക്ഷ്യമിട്ടിട്ടുണ്ട്. ആർദ്രം II ന്റെ ഭാഗമായി 10 പദ്ധതികൾ പ്രഖ്യാപിക്കപ്പെടുകയും തുടർ നടപടികൾ സ്വീകരിച്ച് വരുകയുമാണ്.

1. **വാർഷിക പരിശോധനാ പദ്ധതി**

**ലക്ഷ്യങ്ങൾ**

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുക.
- രക്താതിമർദ്ദം, പ്രമേഹം, ക്യാൻസർ എന്നിവ പ്രാരംഭ ഘട്ടത്തിൽ തിരിച്ചറിയുക
- ജീവിതശൈലീ രോഗങ്ങളുടെ രജിസ്ട്രി തയ്യാറാക്കുക
- തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ ക്യാമ്പയിൻ

**പ്രവർത്തനങ്ങൾ**

- 30/01/2023 ന് വൈകിട്ട് 3 മണി വരെ 69,79,002 വ്യക്തികളെ സ്ക്രീൻ ചെയ്ത് കഴിഞ്ഞു. ഇതിൽ 4,57,209 (6.5%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 13,87,154 (19.9%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 63,284 (0.9%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 2,35,326 (3.4%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദമുള്ള 7,64,591 പേരുടേയും പ്രമേഹമുള്ള 6,18,642 പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 2,69,591 പേരുടേയും രോഗവിവരങ്ങൾ ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ്പ് ഉപയോഗിച്ച് സ്ക്രീനിംഗ് നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സബ് സെന്റർ തല സ്ക്രീനിംഗ് നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഇത് വഴിയുള്ള സ്ക്രീനിംഗ് പൂർത്തിയാകുന്നതോടെ സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയവരിൽ പ്രമേഹവും രക്തസമ്മർദ്ദവും പുതിയതായി കണ്ടുപിടിക്കുന്ന വ്യക്തികളുടെ കൃത്യമായ കണക്ക് ലഭ്യമാകുന്നതാണ്.
- ഇത് കൂടാതെ കിടപ്പ് രോഗികളുടേയും പരസഹായം കൂടാതെ വീടിന് പുറത്തിറങ്ങാൻ സാധിക്കാത്ത വ്യക്തികളുടേയും വയോജനങ്ങളുടേയും വിവരങ്ങൾ ശൈലി അപ്പ് വഴി രേഖപ്പെടുത്തി വരുന്നു.
- വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലുള്ള മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും പരിശോധന പൂർത്തിയാക്കി.

## 2. ജില്ലാ ക്യാൻസർ കൺട്രോൾ പദ്ധതി

### ലക്ഷ്യങ്ങൾ

- ഫീൽഡ് തല സ്ക്രീനിംഗ്, നേരത്തെയുള്ള രോഗനിർണ്ണയം എന്നിവ വഴി ക്യാൻസർ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിച്ച് ചികിത്സ നൽകുക.
- ക്യാൻസർ രോഗ പ്രതിരോധത്തെ സംബന്ധിച്ച് ജനങ്ങൾക്ക് ശാസ്ത്രീയ അവബോധം നൽകി, സമൂഹത്തിലെ ക്യാൻസർ പ്രാചുര്യം കുറയ്ക്കുക.
- സർക്കാർ ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കി രോഗികൾക്ക് ക്യാൻസർ ചികിത്സ പ്രാപ്യമാക്കുക. ഇത് വഴി ചികിത്സാ ചിലവ് ഗണ്യമായി കുറയ്ക്കാനാകും.

### പ്രവർത്തനങ്ങൾ

വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ക്യാൻസർ സാധ്യതയുള്ളവരുടെ വിവരങ്ങൾ ശൈലി ആപ്പ് വഴി ശേഖരിച്ചു വരുന്നു. ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ ഉള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ചു ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. റീജണൽ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ചു ക്യാൻസർ ഗ്രിഡ് സംവിധാനം ഒരുക്കുവാനുള്ള രൂപരേഖ തയ്യാറായിട്ടുണ്ട്. ക്യാൻസർ ഗ്രിഡ് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും പ്രാഥമിക, ദ്വിതീയ തലങ്ങളിലെ ആശുപത്രികളിൽ പാപ് സ്മിയർ, FNAC, ബയോപ്സി പരിശോധനകൾ നടത്തുവാനും സാമ്പിൾ ശേഖരിക്കാനും ഉള്ള സൗകര്യം അനുസരിച്ച് വിവിധ ലെവലുകൾ ആയി തരം തിരിച്ച് സംവിധാനം ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ തലത്തിലുമുള്ള ആശുപത്രികൾ ഏതെല്ലാമാണെന്ന് നിർണ്ണയിച്ചിട്ടുണ്ട്.

ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി ക്യാൻസർ കെയർ പോർട്ടൽ ഇഹെൽത്ത് വികസിപ്പിച്ചിട്ടുണ്ട്. ക്യാൻസർ കെയർ പോർട്ടലിന്റെ ഉത്ഘാടനം ബഹു: മുഖ്യമന്ത്രി 2022 നവംബർ ഒന്നാം തീയതി, കേരളപ്പിറവി ദിനത്തിൽ, നിർവ്വഹിച്ചു. 30/01/2023 ന് വൈകിട്ട് 4 മണി വരെ 4742 വ്യക്തികളുടെ ക്ലിനിക്കൽ സ്ക്രീനിംഗ് ഈ പോർട്ടൽ വഴി നടത്തിയിട്ടുണ്ട്. ബഹു: ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ക്യാൻസർ ബോർഡ് യോഗം നടത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. ഈ യോഗത്തിൽ ക്യാൻസർ കൺട്രോൾ പദ്ധതിയുടെ കരട് മാർഗ്ഗരേഖ അംഗീകരിച്ചു.

## 3. ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്

### ലക്ഷ്യങ്ങൾ

- സർക്കാർ മേഖലയിലെ ലാബുകളെ ഹബ് & സ്പോക്ക് മാതൃകയിൽ ബന്ധപ്പെടുത്തുന്നത് വഴി

ഉണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കുക.

- ലാബ് ശൃംഖലകൾ വഴി പരിശോധനകൾ കുറഞ്ഞ നിരക്കിൽ രോഗികൾക്ക് പ്രാപ്യമാക്കുക.

## പ്രവർത്തനങ്ങൾ

എറണാകുളം, മലപ്പുറം ജില്ലകളിൽ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്കിലും കണ്ണൂർ ജില്ലയിലെ ഇരുവേലി ബ്ലോക്കിലും പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മറ്റ് ജില്ലകളിൽ ലാബ് ശൃംഖല ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. നിലവിലുള്ള ഉപകരണങ്ങളുടെ ജില്ലാ, സ്ഥാപന തല മാപ്പിംഗും പിഎച്ച്സിഎസ്/ എഫ്എച്ച്സികളിലെ ഇൻസ്ട്രുമെന്റ്സ് ടെസ്റ്റുകളുടെ മാപ്പിംഗും പൂർത്തിയായി. ഈ സാമ്പത്തിക വർഷത്തേക്ക് വേണ്ട അധിക ഉപകരണങ്ങളുടെ പട്ടിക തയ്യാറായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ, എസ്എച്ച്സി, പിഎച്ച്സി, എഫ്എച്ച്സി, എഫ്എച്ച്സി എന്നിവയിലേക്കുള്ള ഉപകരണ വിതരണത്തിനായി ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റുകൾ ഉപയോഗിച്ച് വാങ്ങാൻ കെഎംഎസ്സിഎല്ലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ഇവ വാങ്ങും. നിലവിലുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ലാബുകളുടെ പ്രവർത്തന സാഹചര്യ വിശകലനവും ഗ്യാപ്പ് വിശകലനവും പൂർത്തിയായി. ജില്ലാതല ശില്പശാലകൾ പൂർത്തിയായി.

ജില്ലാതല ഹബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ നടക്കുന്നു. മലപ്പുറം ജില്ല, ബ്ലോക്ക് തലത്തിൽ ലാബുകൾ പൈലറ്റ് ചെയ്ത ശേഷം ഹബ് ആൻഡ് സ്പോക്ക് മോഡലിന്റെ ആദ്യ ഘട്ടം ഫ്ലാഗ് ഓഫ് ചെയ്തു.

എഎംആർ ലാബുകളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ അവലോകനം ചെയ്യാൻ സംസ്ഥാനതല യോഗം ചേർന്നു. ഹബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.

ലെവൽ 3, ലെവൽ 4 രോഗാണുക്കൾക്കായുള്ള റെഫറൽ ലെവൽ ഹബ് ലബോറട്ടറികളുടെ ചർച്ചകൾ നടന്നു. ഇത് സംബന്ധിച്ച് തോന്നയ്ക്കൽ വൈറോളജി ലാബുമായുള്ള യോഗം പൂർത്തിയായി. എൽഡിഎംഎസ് പോർട്ടലിന്റെ സംയോജനം സംബന്ധിച്ച പ്രാരംഭ ചർച്ചകൾ എൻഐസി & ഇഹെൽത്ത് ടീമുകളുമായി പൂർത്തിയായി. കാൻസർ കൺട്രോൾ പ്രോഗ്രാമുമായി ബന്ധപ്പെട്ട എൽഡിഎംഎസ് പോർട്ടലിന്റെ പ്രാഥമിക പരിശോധന പൂർത്തിയായി. ലബോറട്ടറി റിപ്പോർട്ടിംഗിനായി പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നു. മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകൾ, മെഡിക്കൽ കോളേജുകളിലെ ലാബുകൾ, റഫറൽ ലാബുകൾ എന്നിവിടങ്ങളിൽ നിന്നുള്ള അഡ്വാൻസ്ഡ് ലബോറട്ടറികളുടെ സംസ്ഥാനതല ശില്പശാല പൂർത്തിയായി. പ്രവർത്തനങ്ങളും ആവശ്യങ്ങളും മാപ്പ് ചെയ്തു. വിശദമായ അവസ്ഥാ വിശകലനവും തയ്യാറെടുപ്പുകളും ഭാവി കർമ്മപദ്ധതിയും തയ്യാറാക്കി.

## 4. വയോജന-സാന്ത്വന പരിചരണം

### ലക്ഷ്യങ്ങൾ

- നിലവിലെ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് സാന്ത്വന പരിചരണ രംഗത്ത് ഏകീകൃത പരിചരണ സംവിധാനം ഒരുക്കുക.
- കിടപ്പ് രോഗികളുടേയും ദീർഘകാല രോഗങ്ങളുള്ള വയോജനങ്ങളുടേയും രജിസ്ട്രി തയ്യാറാക്കി സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുക.

### പ്രവർത്തനങ്ങൾ

പുതുക്കിയ പാലിയേറ്റീവ് നയ രേഖക്കനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ച് '*അരികെ*' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. കേരളത്തിൽ നടന്നുവരുന്ന 12 പാലിയേറ്റീവ് പരിശീലനങ്ങൾക്ക് ഏകീകൃത സിലബസ് തയ്യാറാക്കി.

പാലിയേറ്റീവ് കെയർ പോളിസിയുടെ ഓരോ ഘടകങ്ങളും പ്രവർത്തനക്ഷമമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരുമായി ചർച്ച ചെയ്ത് വിശദമായ പദ്ധതികൾ തയ്യാറാക്കും. ഇതിനായുള്ള പ്രവർത്തനങ്ങൾ, സമയക്രമങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവ നിശ്ചയിക്കാനും മേൽനോട്ടം വഹിക്കുവാനും വേണ്ടി ബഹു; ആരോഗ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചു.

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പാലിയേറ്റീവ് കെയറിനായി വകയിരുത്തിയ അഞ്ച് കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ ഡിപ്പാർട്ട്മെന്റ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാനും, ആയുർവേദ, ഹോമിയോ ചികിത്സാ ശാഖകളുടെ സാധ്യതകൾ കൂടി സാന്ത്വന പരിചരണ രംഗത്ത് ഉപയോഗപ്പെടുത്താനും, ഈ മേഖലയിൽ പ്രവർത്തിക്കുന്ന Community Based Organisations (CBOs) ന് അക്രഡിറ്റേഷൻ നൽകുവാനും കൂടി ബജറ്റ് വിഹിതം ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കിടപ്പിലായവരുടെയും പരസഹായം ആവശ്യമുള്ളവരുടേയും കൃത്യമായ കണക്ക് ലഭിക്കുന്ന രീതിയിലുള്ള സർവ്വേ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ട് ഹോമിയോ വകുപ്പിന്റെ സംസ്ഥാന തല അവലോകന യോഗം ഒക്ടോബർ മാസം 18 നും ഭാരതീയ ചികിത്സാ വകുപ്പിന്റെ നവംബർ മാസം അഞ്ചാം തീയതി നടത്തി. സാന്ത്വന പരിചരണവുമായി ബന്ധപ്പെട്ടുള്ള ശില്പശാല ഭാരതീയ ചികിത്സാ വകുപ്പിൽ ഒക്ടോബർ മാസം 23-24 തീയതികളിലും ഹോമിയോ വകുപ്പിന്റെ ശില്പശാല നവംബർ മാസം 4-5 തീയതികളിൽ നടത്തി. ഇതുമായി ബന്ധപെട്ടുള്ള സംസ്ഥാന തല മാർഗ്ഗരേഖയും രണ്ട് വകുപ്പുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ സാന്ത്വന പരിചരണം നടത്തുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ ഹൈ

പവർ കമ്മിറ്റി ജനുവരി നാലാം തീയതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി.

## 5. ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ:

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2017-18) -** ഒന്നാംഘട്ടം

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 23 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി ലഭിക്കുകയും ചെയ്തു. അപ്രകാരം 166 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ 3 എണ്ണത്തിന്റെ (എറണാകുളം ജില്ലയിലെ തൃക്കാക്കര, ആലപ്പുഴ ജില്ലയിലെ തലവടി, നീലംപേരൂർ) നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഒരെണ്ണത്തിന്റെ (കൊല്ലം ജില്ലയിലെ ഇരവിപുരം) നിർമ്മാണം ആരംഭിച്ചുവെങ്കിലും പ്രവൃത്തികളിൽ പുരോഗതി ഇല്ലാത്തതിനാൽ കരാർ റദ്ദുചെയ്ത് പുതിയ ടെൻഡർ വിളിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2018-19) –** രണ്ടാംഘട്ടം

2018-19 സാമ്പത്തിക വർഷം 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ആയതിൽ 204 എണ്ണം സംസ്ഥാന ഗവമെന്റിന്റെ പ്ലാൻ ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 14 ലക്ഷം രൂപ എന്ന നിരക്കിൽ) 300 എണ്ണം എൻ. എച്ച്. എം. ഫണ്ടും (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) ആണ്. 504 എണ്ണത്തിൽ 403 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. 31 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 70 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 101 സ്ഥാപനങ്ങളിൽ 7 എണ്ണം 2023 മാർച്ച് മാസത്തിലും 21 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി **(2019-20) -** മൂന്നാംഘട്ടം

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് എൻ. എച്ച്.എം. ഫണ്ട് മുഖേന 32.86 കോടി രൂപയുടെ (ഒരു പി. എച്ച്.സി. ക്ക് 15.50 ലക്ഷം രൂപ എന്ന നിരക്കിൽ) അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ 28 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് കുടുബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി

പുരോഗമിച്ചു വരുന്നു. കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള 184 സ്ഥാപനങ്ങളിൽ 32 എണ്ണം 2023 മാർച്ച് മാസത്തിലും 28 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2019-20) - ഒന്നാംഘട്ടം**

സംസ്ഥാനത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 76 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 28.31 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ആയതിൽ 20 എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ച് ബ്ലോക്ക് ലെവൽ കുടുംബകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. 35 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാക്കിയുള്ള 21 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പരിവർത്തനം ചെയ്യാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ 13 എണ്ണം 2023 മാർച്ച് മാസത്തിലും 8 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി (2021-2022) - രണ്ടാംഘട്ടം**

സംസ്ഥാനത്ത് 2021-2022 സാമ്പത്തിക വർഷത്തിൽ 75 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് ലെവൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും ആയതിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 27.86 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. ഇതിൽ മൂന്ന് സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 75 സ്ഥാപനങ്ങളിൽ 4 എണ്ണം 2023 മാർച്ച് മാസത്തിലും 37 എണ്ണം 2023 സെപ്റ്റംബർ മാസത്തിലും പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**താലൂക്കാശുപത്രികളുടെ ഒ. പി പരിവർത്തനം**

2018-19 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയും 2019-20 സാമ്പത്തിക വർഷത്തിൽ 27 താലൂക്കാശുപത്രികളേയും 2021-22 സാമ്പത്തിക വർഷത്തിൽ 8 താലൂക്കാശുപത്രികളേയുമാണ് തെരെഞ്ഞെടുത്തത്. ആയതിന്റെ നിലവിലെ അവസ്ഥ താഴെ ചേർക്കുന്നു.

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ | നിർമ്മാണം ആരംഭിച്ചിട്ടില്ല |
|---|---|---|---|---|
| ഒന്നാം ഘട്ടം | 8 | 5 | 1 | 2 |
| രണ്ടാം ഘട്ടം | 27 | 3 | 12 | 12 |
| മൂന്നാം ഘട്ടം | 8 | - | - | 8 |

ജില്ലാ/ജനറൽ ആശുപത്രികളിലെ ഒ. പി പരിവർത്തനം

ജി. എച്ച് തിരുവനന്തപുരം, ഡി.എച്ച് കൊല്ലം, ജി.എച്ച് പത്തനംതിട്ട, ജി.എച്ച് ആലപ്പുഴ, ജി.എച്ച്. കോട്ടയം, ജി. എച്ച്. തൃശ്ശൂർ, ഡി. എച്ച്.പാലക്കാട്, ഡി.എച്ച് തിരൂർ, ജി. എച്ച്. കോഴിക്കോട്, ജി.എച്ച്. കൽപ്പറ്റ, ഡി. എച്ച് മാനന്തവാടി, ഡി. എച്ച്. തലശ്ശേരി, ജി. എച്ച്. കാസർഗോഡ്, ഡി. എച്ച് കാഞ്ഞങ്ങാട് എന്നിവിടങ്ങളിലെ ഒ. പി പരിവർത്തന പ്രവൃത്തികൾ പൂർത്തിയായി.

ചില പ്രാദേശിക സാങ്കേതിക കാരണങ്ങളാൽ ഡി. എച്ച് തൊടുപുഴയിലെ നിർമ്മാണ പ്രവർത്തികൾ താത്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

## 6. ഹെൽത്തി ലൈഫ് ക്യാമ്പയിൻ

### ലക്ഷ്യങ്ങൾ

- ആരോഗ്യപ്രശ്നങ്ങളിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ പരിഹരിച്ച് ആരോഗ്യകരമായ ജീവിതരീതി പ്രോത്സാഹിപ്പിക്കുക.
- പൊതുജനങ്ങളിൽ ആരോഗ്യകരമായ ഭക്ഷണം, വ്യായാമം, മാനസികാരോഗ്യം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ലഹരി വർജ്ജനം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

### പ്രവർത്തനങ്ങൾ

ജീവിതശൈലീ രോഗങ്ങൾ, മാനസികാരോഗ്യം, വയോജന ആരോഗ്യവും ക്ഷേമവും, പകർച്ചവ്യാധി നിയന്ത്രണം, രോഗ നിവാരണം എന്നീ മേഖലകളിൽ ശീലവൽക്കരണം നടത്തുവാനും അത് വഴി ജീവിതശൈലീ രോഗങ്ങളുടേയും പകർച്ചവ്യാധികളുടേയും പ്രാചുര്യം കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ക്യാമ്പയിനുകൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ക്യാമ്പയിനുകളുടെ കരട് മാർഗ്ഗരേഖ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം - ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.

## 7. ഏകാരോഗ്യ സമീപനം (One Health Initiative)

### ലക്ഷ്യങ്ങൾ

- ജന്തുജന്യ രോഗങ്ങൾക്ക് കാരണമാവുന്ന അസാധാരണമായ സംഭവങ്ങളുടെ നിരീക്ഷണവും അതിലേക്ക് നയിക്കുന്ന ഘടകങ്ങളുടെ നേരത്തെയുള്ള കണ്ടെത്തലും
- ആവശ്യകത അടിസ്ഥാനമാക്കിയുള്ള പങ്കാളിത്ത ഇടപെടലുകളും പ്രവർത്തനങ്ങളും

### പ്രവർത്തനങ്ങൾ

ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത നാല് ജില്ലകളിലും പദ്ധതി ആരംഭിച്ചു. കോർ കമ്മിറ്റി യോഗം ചേർന്ന്

2022-23 ലെ ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി ആർ.കെ.ഐക്ക് സമർപ്പിച്ചു. 2022 ജൂലൈ 30 ന് കിലയിൽ സംസ്ഥാനതല പരിശീലകർക്ക് പരിശീലനം നൽകി. 2022 ഓഗസ്റ്റ് 12 ന് വകുപ്പ് മേധാവികൾക്കായുള്ള സംസ്ഥാനതല ശില്പശാല നടത്തി. 2022 ഓഗസ്റ്റ് 17 ന് ജില്ലാതല ഓഫീസർമാർക്കായി ശില്പശാല നടത്തി. ലബോറട്ടറി ജീവനക്കാർക്കുള്ള പരിശീലനം 2022 സെപ്റ്റംബർ 15 നകം പൂർത്തിയായി. നാല് ആദ്യ ഘട്ട ജില്ലകളിലും ബ്ലോക്ക് തല ശില്പശാലകൾ പൂർത്തിയായി. കിലയുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സെക്രട്ടറിമാർ, മറ്റ് മിഷനുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർക്കായി പരിശീലനങ്ങൾ നടത്തി. ലാബ് ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള വിലയിരുത്തൽ പൂർത്തിയായി. ലാബുകളുടെ ഗ്യാപ്പ് അനാലിസിസ് പൂർത്തിയായി. വേൾഡ് വൺ ഹെൽത്ത് കോൺഗ്രസുമായി ബന്ധപ്പെട്ട റിപ്പോർട്ട് തയ്യാറാക്കി അന്തിമരൂപം നൽകി. ഡബ്ല്യു.ഒ.എച്ച്.സി.യിൽ അവതരിപ്പിക്കപ്പെട്ട പഠനങ്ങളിൽ നിന്നുള്ള നൂതനാശയങ്ങളും മോഡലുകളും തയ്യാറാക്കി. നൂതനാശയങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള പ്രോട്ടോക്കോളുകൾ തയ്യാറാക്കി 2023 ജനുവരിയോടെ പദ്ധതികൾ താൽക്കാലികമായി നടപ്പിലാക്കുകയും ചെയ്യും.

എ.എം.ആറിലെ കമ്മ്യൂണിറ്റി ബേസ്ഡ് പങ്കാളിത്ത കാമ്പയിനുകൾ: പത്തനംതിട്ട ജില്ലയിലെ നൂതന മാതൃകകൾ (പ്യാർ) പ്രോഗ്രാം, ഫ്രെയിംവർക്ക്സ് ആൻഡ് ആക്ഷൻ പ്ലാൻ എന്നിവയ്ക്ക് അന്തിമരൂപം നൽകി കഴിഞ്ഞു. പ്യാർ പ്രോഗ്രാമിന്റെ ഭാഗമായി ജനുവരി മാസം 23 ന് പത്തനംതിട്ട ജില്ലയിലെ കോളേജ് വിദ്യാർഥികൾക്കായി ഒരു ശില്പശാല നടത്തി. ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് -ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കും. സംസ്ഥാനതല സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വാർത്താവിനിമയം, ഐടി, പൊതുജനാരോഗ്യം എന്നീ മേഖലകളിൽ മൂന്ന് വിദഗ്ധരെ വൺ ഹെൽത്തിനായി നിയമിച്ചു. എഎംആർ നിരീക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

## 8. രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

**ലക്ഷ്യങ്ങൾ**

- മലേറിയ 2025 ഓടെയും, മന്ത് രോഗം 2027 ഓടെയും, കാലാ അസാർ 2026 ഓടെയും, ക്ഷയരോഗം 2025 ഓടെയും, മീസിൽസ്-റുബെല്ല 2023 ഓടെയും നിവാരണം ചെയ്യുക

**പ്രവർത്തനങ്ങൾ**

- 2022 ഓടെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും 2023 ഓടെ തിരുവനന്തപുരം, കൊല്ലം, മലപ്പുറം, വയനാട്, പാലക്കാട്, തൃശ്ശൂർ ജില്ലകളിലും 2024 ഓടെ കാസറഗോഡ്, കണ്ണൂർ ജില്ലകളിലും 2025 ഓടെ കോഴിക്കോട് ജില്ലയിലും മലമ്പനി നിവാരണം

ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു. ഈ ജില്ലകളിൽ ജില്ലാ, ബ്ലോക്ക് തല ടാസ്ക് ഫോഴ്സ് യോഗങ്ങൾ കൂടി, മലമ്പനിക്കെതിരായ നിരീക്ഷണം ശക്തിപ്പെടുത്തി. മലമ്പനി ചികിത്സയ്ക്ക് വേണ്ട മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി. ആരോഗ്യപ്രവർത്തകർക്ക് പരിശീലനങ്ങൾ നൽകി. പത്തനംതിട്ട, കാസറഗോഡ്, കണ്ണൂർ ഒഴികെ മറ്റ് ഒരു ജില്ലയിലും കഴിഞ്ഞ അഞ്ച് വർഷമായി ഒരു indigenous മലേറിയ കേസ് പോലും റിപ്പോർട്ട് ചെയ്തിട്ടില്ല.

- മന്ത് രോഗ നിവാരണത്തിനായി Mass Drug Administration (MDA) പ്രോഗ്രാം, Transmission Assessment Survey (TAS) എന്നിവ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പൂർത്തിയായി. കാസറഗോഡ് ജില്ലയിൽ മൂന്നാം റൗണ്ട് TAS 2022 ഒക്ടോബർ മാസം പൂർത്തിയായി. മറ്റ് ജില്ലകളിൽ ബ്ലോക്ക് തലത്തിൽ TAS സർവ്വേ നടത്താനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- നിലവിൽ എല്ലാ ജില്ലകളിലും കാലാ അസാർ കേസുകൾ നിവാരണത്തിനുള്ള പരിധിയേക്കാൾ കുറവാണ്. കാലാ അസാർ സാധ്യതയുള്ള കേസുകളുടെ നിരീക്ഷണവും ലാബ് പരിശോധനയും, sandfly ഹോട്ട്സ്പോട്ടുകളുടെ നിരീക്ഷണവും വെക്ടർ മാനേജ്മെന്റ്പ്രവർത്തനങ്ങളും, ബോധവൽക്കരണ പ്രവർത്തനങ്ങളുമാണ് പ്രധാനമായും നടന്ന് വരുന്നത്.

## 9. ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

**ലക്ഷ്യങ്ങൾ**

- വിവിധ ചികിത്സാ ശാഖകളുടെ ഏകോപനത്തിലൂടെ ശാസ്ത്രീയ ചികിത്സ പ്രോത്സാഹിപ്പിക്കുക
- ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുക

**പ്രവർത്തനങ്ങൾ**

- ജീവിതശൈലീ രോഗങ്ങളുടെ പ്രതിരോധത്തിലും ആരോഗ്യ വർദ്ധക പ്രവർത്തനങ്ങളിലും, സാന്ത്വന പരിചരണത്തിലും വിവിധ ചികിത്സാ രീതികളുടെ ഏകോപനം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവിധ ചികിത്സാ ശാഖകളിലെ ഡോക്ടർമാരുടെ യോഗം നടത്തി. തുടർ ശില്പശാലകൾ നടത്തി ഏതൊക്കെ മേഖലകളിൽ ഏകോപനം സാധ്യമാകുമെന്ന് കണ്ടെത്താൻ തീരുമാനിച്ചു.
- IAV, IGIB, RGCB, NIV, തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ഇതിനായി SHSRC യിൽ എത്തിക്ക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## 10. സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

### ലക്ഷ്യങ്ങൾ

- സംസ്ഥാനത്തെ 140 മണ്ഡലങ്ങളിലും കുറഞ്ഞത് പത്ത് കിടക്കകൾ വീതമെങ്കിലും ഉള്ള ഐസൊലേഷൻ വാർഡുകൾ ഉണ്ടാക്കുക.
- മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകൾ ഉണ്ടാക്കുക

### പ്രവർത്തനങ്ങൾ

- ആകെ ഉള്ള 140 നിയോജക മണ്ഡലങ്ങളിൽ 86 സ്ഥലങ്ങളിൽ സൈറ്റ് തയ്യാറാണ്. ഇതിൽ 83 സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 10 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 2023 മാർച്ച് മാസത്തോടെ ബാക്കിയുള്ള നിർമ്മാണം ആരംഭിച്ച സ്ഥലങ്ങളിൽ പ്രവർത്തി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ 8 മെഡിക്കൽ കോളേജുകൾ 17 ജില്ലാ / ജനറൽ ആശുപത്രികൾ 43 താലൂക്ക് ആശുപത്രികൾ എന്നിവ രോഗീസൗഹൃദമാക്കുന്നതിനുള്ള ഒ. പി ട്രാൻസ്ഫർമേഷൻ പ്രവർത്തനം നടപ്പിലാക്കി വരുന്നുണ്ട്. ഇവിടങ്ങളിൽ ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുകയും രോഗീസൗഹൃദമാക്കുകയും ചെയ്തുവരുന്നു. 886 പ്രാഥമികാരോഗ്യ/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യുകയും 152 സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ചെയ്യുന്ന പ്രവർത്തി പുരോഗമിക്കുന്നു പ്ലാൻ ഫണ്ട്, എൻ.എച്ച്.എം ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ് ഫണ്ട് എം .പി /എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് ആശുപത്രികളുടെ ഭൗതിക സൗകര്യം ഒരുക്കുകയും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് ആശുപത്രികളിൽ നൽകുന്ന സേവനങ്ങൾ സർക്കാരിന്റെ സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡം അനുസരിച്ച് വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നു. എല്ലാ നിയോജക മണ്ഡലങ്ങളിലും 10 കിടക്കകളുള്ള ഓരോ ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്ന പണി പുരോഗമിച്ചു വരുന്നു . 15–ാം ധനകാര്യ കമ്മിഷന്റെ ഫണ്ടു ഉപയോഗിച്ച് എല്ലാ തലങ്ങളിലുമുള്ള ആശുപത്രികളിൽ ലബോറട്ടറി പരിശോധനാ സൗകര്യങ്ങൾ ഒരുക്കിവരുന്നുണ്ട്. എല്ലാ ജില്ലകളിലും $360^0$ എൻ.സി.ഡി ക്ലിനിക്കുകളും പോളി ഡെന്റൽ ക്ലിനിക്കുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ല/ജനറൽ ആശുപത്രികളിൽ സ്ട്രോക്ക് യൂണിറ്റുകൾ, കാത്ത് ലാബ് സൗകര്യങ്ങൾ എന്നിവയും പ്രവർത്തിച്ചു വരുന്നുണ്ട്. ക്യാൻസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എല്ലാ ജില്ലകളിലും ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്. ആശുപത്രിയിലെ പരിശോധനകളും മരുന്നുവിതരണവും കൂടുതൽ രോഗീസൗഹൃദമാക്കുവാൻ ഇ -ഹെൽത്ത് സംവിധാനം എല്ലാ തലത്തിലുമുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഒരുക്കിവരുന്നു. ഇ.ആർ.സി.പി II പദ്ധതിയുടെ ഭാഗമായി താലൂക്കാശുപത്രികൾ, ജില്ല ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ പീഡിയാട്രിക് ഐ.സി.യു, എച്ച്.സി.യു സൗകര്യങ്ങൾ ഒരുക്കിവരുന്നു. 101 സർക്കാർ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. വിവിധ ജില്ലാ/ ജനറൽ/ താലൂക്ക് ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 3 ജില്ലാ ജനറൽ ആശുപത്രികളിൽ ബേൺസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആരോഗ്യവകുപ്പിന് കീഴിലെ വിവിധ സർക്കാർ ആശുപത്രികളിലായി 1070 ഐ.സി.യു ബെഡുകളും, 923 വെന്റിലേറ്ററുകളും, 5264

ഓക്സിജൻ ബെഡുകളും ഒരുക്കിയിട്ടുണ്ട് .

രോഗികൾക്കും സൗകര്യമായി ഡോക്ടർമാരെ കാണുന്നതിനായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആശുപത്രികളിൽ രോഗികൾക്കായി കാത്തിരിപ്പ് സ്ഥലങ്ങളും അനുബന്ധ സൗകര്യങ്ങളും റാമ്പുകളും, ലിഫ്റ്റുകളും ഒരുക്കിവരുന്നു.

ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയെ ജനസൗഹൃദമാക്കുന്നതിനും ശക്തീകരണത്തിനുമായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. രോഗീ സൗഹൃദ ആശുപത്രി ആക്കി മാറ്റുവാനും സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ആശുപത്രി ബ്ലോക്ക് 1 ന്റെ നിർമ്മാണം പൂർത്തീകരിച്ചു. ലാബുകൾ, ഒ.പി, ഐ.പി എന്നിവ പ്രവർത്തിപ്പിച്ചു വരുന്നു. ആശുപത്രി ബ്ലോക്ക് 2 നിർമ്മാണം നടന്നു വരുന്നു. 100 എം.ബി.ബി.എസ് അഡ്മിഷൻ സാധ്യമായ സാഹചര്യത്തിൽ ഹോസ്റ്റൽ നിർമ്മാണം പൂർത്തീകരിച്ച് കുട്ടികൾക്കുള്ള താമസ സൗകര്യം ഒരുക്കും. അഡ്മിനിസ്ട്രേറ്റീവ്/ലൈബ്രറി ബ്ലോക്കുകൾ ഫാക്കൽറ്റീസ്, നോൺ ഫാക്കൽറ്റീസ് എന്നിവർക്കുള്ള താമസ സൗകര്യത്തിനുള്ള ക്വാർട്ടേഴ്സുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കും. വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

റോഡ് – റീറ്റെയിനിംഗ് വാൾ നിർമ്മാണത്തിനായി ടെണ്ടർ നടപടികൾ ആരംഭിച്ചു. 11 കെ.വി. ഫീഡർ സ്ഥാപിക്കുന്നതിനായി അനുവദിച്ച തുക കെ.എസ്.ഇ.ബി ക്കു കൈമാറിയിട്ടുണ്ട്.

2023 സാമ്പത്തിക വർഷം അവസാനത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഇടുക്കി മെഡിക്കൽ കോളേജ് പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു രോഗീസൗഹൃദമാക്കുന്നതിനായി കാഷ്വാലിറ്റി ബ്ലോക്കിന്റെ നവീകരണം ഇന്റർവെൻഷണൽ റേഡിയോളജി ബോക്കിന്റെ നിർമ്മാണം, ലേബർ റൂമിന്റെ വിപുലീകരണം NIC, ICU എന്നിവയുടെ നിർമ്മാണം, റാമ്പിന്റെ നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ നടന്നു വരുന്നു. ജനറൽ മെഡിസിൻ, സർജറി, ഓർത്തോ ഗൈനക്കോളജി, ഫിസിക്കൽ മെഡിസിൻ, നേത്രരോഗ വിഭാഗം, ത്വക്ക് രോഗവിഭാഗം, മാനസികാരോഗ്യ വിഭാഗം തുടങ്ങിയവയ്ക്കു പുറമേ ആധുനിക ചികിത്സാ രീതികളായ കാത്ത് ലാബ് വിഭാഗവും, കാർഡിയോളജിയും പ്രവർത്തിച്ചു വരുന്നുണ്ട്. ഡയാലിസിസ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്. നെഫ്രോളജിസ്റ്റിന്റെയും, ന്യൂറോളജിസ്റ്റിന്റെയും സേവനം ലഭ്യമാണ്.

ആധുനിക രീതിയിലുള്ള ലാബ് സംവിധാനം നടപ്പിലാക്കി കൊണ്ടിരിക്കുന്നു. എക്സ്റേ, സി.ടി. സ്കാൻ, മാമോഗ്രാഫി തുടങ്ങിയ സേവനങ്ങൾ റേഡിയോളജി വിഭാഗത്തിൽ നിന്ന് നൽകിവരുന്നു. MRI സംവിധാനം സ്ഥാപിക്കുന്നതിനായി 7.2 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

KASP, RBSK, JSSK ' തുടങ്ങിയ വിവിധ ഇൻഷ്വറൻസ് പദ്ധതികളിലൂടെയും, മാതൃയാനം, അനുയാത്ര തുടങ്ങിയ പദ്ധതികളിലൂടെയും രോഗികൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ആർദ്രം പദ്ധതിയിലൂടെ രോഗീസൗഹൃദം ഉറപ്പുവരുത്തുന്നു. ഇ-ഹെൽത്ത് പദ്ധതിയിലൂടെ രോഗീസൗഹൃദ ചികിത്സ ഉറപ്പുവരുത്താനും, സമ്പൂർണ്ണമായി ഡിജിറ്റലാക്കാനും സാധിക്കുന്നു.

ഒന്നരകോടി രൂപ ചെലവഴിച്ചുകൊണ്ട് ഈ ആശുപത്രിയിലെ ഒ.പി വിഭാഗം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു.

കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രി ജനസൗഹൃദമാക്കി മാറ്റുന്നതിന് 2 പി.ആർ.ഒ മാരുടെ സേവനം നിലവിലുണ്ട്. കൂടാതെ 4 കൺട്രോളിംഗ് ഓഫീസർമാരെ ഉൾപ്പെടുത്തി 24

മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അതോടൊപ്പം ആശുപത്രി സൗഹൃദമാക്കി മാറ്റുന്നതിന് നേഴ്സുമാർക്കും ഇതര ജീവനക്കാർക്കും In house training programme നടത്തി വരുന്നു. പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുവാനും യഥാസമയം പരിഹാരം കാണാനുമുള്ള സംവിധാനം ലഭ്യമാണ്.

സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി രോഗീസൗഹൃദ ഔട്ട് പേഷ്യന്റ് ഡിപ്പാർട്ടുമെന്റ് നവീകരിച്ചു. സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് ICU, MRI, CT, Ventilator, Oxygen plant, Oxygen generator, Negative Pressure, ICU റൂമുകൾ എന്നിവ സ്ഥാപിച്ചു. വിവിധ വാർഡുകൾ നവീകരിച്ചു.

കോഴിക്കോട് ഗവ മെഡിക്കൽ കോളേജിന്റെ അനുബന്ധ ആശുപത്രികളിൽ സർക്കാർ ആശുപത്രികളെ ജന സൗഹൃദമാക്കുന്നതിനായി ഏർപ്പെടുത്തിയ വിവിധ പ്രവർത്തനങ്ങൾ

1. ഒ.പി-കളിൽ ചിലയിടങ്ങളിൽ ടോക്കൻ സിസ്റ്റം നടപ്പിലാക്കി.
2. കൂട്ടിരിപ്പുകാർക്ക് വെയിറ്റിംഗ് ഏരിയ ഉണ്ട്.
3. പാർക്കിംഗ് ഏരിയ ഉണ്ട്.
4. ആർദ്രം പദ്ധതി പ്രകാരം ഒ.പി.കൾ നവീകരിച്ചു.
5. ഒ.പി കൾ കമ്പ്യൂട്ടർവൽക്കരിച്ചു.
6. വികലാംഗർക്കും വൃദ്ധജനങ്ങൾക്കും പ്രത്യേകം കൗണ്ടർ ഏർപ്പെടുത്തി.
7. കിടപ്പുരോഗികൾക്ക് ഓരോ ഫ്ലോറിലും ഇൻഷുറൻസ് കൗണ്ടർ ഏർപ്പെടുത്തി.
8. ചികിത്സ പൂർണ്ണമായും സൗജന്യമാക്കാൻ പലതരത്തിലുള്ള ഇൻഷുറൻസ് സൗകര്യം ഉണ്ട്
9. ആദിവാസി വിഭാഗങ്ങൾക്ക് വേണ്ടി ട്രൈബൽ പ്രൊമോട്ടർമാർ സേവനമനുഷ്ഠിക്കുന്നു.
10. അഗതികൾക്ക് സേവനം ചെയ്യാൻ എച്ച്.ഡി.എസ് മുഖാന്തിരം 10 സേവകരെ നിയമിച്ചിട്ടുണ്ട്.
11. വാർഡിലെ ഒരു ടോയ്ലെറ്റ് ഭിന്ന ശേഷി സൗഹൃദമാക്കിയിട്ടുണ്ട് (European Closet)
12. കുടിവെള്ള സൗകര്യം ഉണ്ട്.
13. കൂട്ടിരിപ്പുകാർക്ക് ഭക്ഷണം കഴിക്കുന്നതിന് പ്രത്യേക സ്ഥലം ഉണ്ട്.
14. വാർഡുകളിൽ സീറോ വെയ്സ്റ്റ് പദ്ധതി നടപ്പിലാക്കി.
15. വരാന്ത ക്ലീനിംഗിനുവേണ്ടി മെഷീനുകൾ പ്രവർത്തിക്കുന്നു.
16. IMA യുമായി സഹകരിച്ച് Proper waste disposal system നടപ്പിലാക്കി.
17. നഴ്സുമാരുടെയും മറ്റിതര ജീവനക്കാരുടെയും അറിവ് വർദ്ധിക്കുന്നതിനുവേണ്ടി CNEU പ്രവർത്തിക്കുന്നു.
18. രോഗികൾക്കും, കൂട്ടിരിപ്പുകാർക്കും cross infestion തടയുന്നതിന് വേണ്ടി infestion control committee നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.
19. നഴ്സിംഗ് സൂപ്രണ്ടുമാർ അവർക്ക് നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ ദിവസവും rounds എടുക്കുന്നു.
20. നഴ്സിംഗ് ഓഫീസർ ദിവസവും rounds എടുക്കുന്നു.
21. നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ടുമാർ പ്രശ്നമുള്ള സ്ഥലങ്ങളിൽ ആഴ്ചയിൽ ഒരിക്കൽ rounds എടുക്കുന്നു. 22. നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് സൂപ്രണ്ട്, ICN, CNEG അംഗങ്ങൾകൂടി മാസത്തിൽ rounds എടുക്കുന്നു.
23. മാസത്തിൽ ഹോസ്പിറ്റൽ സാനിറ്ററി വിങ് rounds എടുക്കുന്നു.

24. വൃദ്ധ ജനങ്ങൾക്കുള്ള വാർഡിന്റെ പണി പുരോഗമിച്ച് വരുന്നു.

25. IMCH ലെ HDS ന് കീഴിൽ MCH ൽ പെറ്റ് സ്കാൻ പ്രവർത്തിച്ചു വരുന്നു.

26. അത്യാഹിത വിഭാഗത്തിന്റെ സേവനം കാര്യക്ഷമമാക്കുന്നതിന് വേണ്ടി PMSSY കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനത്തിന് തയ്യാറായിരിക്കുന്നു.

27. ഈ-ഹെൽത്ത്, ഇ-ഹോസ്പിറ്റൽ തുടങ്ങിയ പദ്ധതികൾ

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എം.ആർ.ഐ സ്കാനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. റേഡിയോളജി വിഭാഗത്തിൽ സി.റ്റി സ്കാൻ, മാമോഗ്രാം, ഡിജിറ്റൽ എക്സ് റേ, അൾട്രാസൗണ്ട് സ്കാൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. കൂടാതെ സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ ആധുനിക തിയേറ്റർ സംവിധാനം ആരംഭിച്ചു. ആധുനിക ഗൈനക്കോളജി കാഷ്വാലിറ്റി ആരംഭിച്ചു. ജില്ലയിലെ ആദ്യ കോവിഡ് ആശുപത്രി എന്ന നിലയിൽ കിടക്കളുടെ എണ്ണം 300 ൽ നിന്നും 480 ലേക്ക് ഉയർത്തി. കൂടാതെ 42 വെന്റിലേറ്ററുകൾ കോവിഡ് രോഗികൾക്കായി ലഭ്യമാക്കി. കോവിഡ് രോഗം മൂലം ഗുരുതരാവസ്ഥയിലാകുന്ന രോഗികൾക്ക് ഐ.സി.യു ന് ഉള്ളിൽ തന്നെ ഡയാലിസിസ് ചെയ്യുന്നതിനായി പോർട്ടബിൽ ആർ.ഒ പ്ലാന്റ് സ്ഥാപിച്ചു. കോവിഡ് പരിശോധനയ്ക്കായി ജില്ലയിലെ ആദ്യ ആർ.റ്റി.പി.സി.ആർ ലാബ് പ്രവർത്തനം ആരംഭിച്ചു. കൂടാതെ ക്യാൻസർ രോഗ നിർണ്ണയത്തിനായി 4 കളർ ഡോപ്ലർ അൾട്രാ സൗണ്ട് സ്കാനർ സജ്ജമാക്കി.

ഈ കാര്യാലയത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ആധുനിക സൗകര്യങ്ങളോട്ടു കൂടിയ രോഗീസൗഹൃദ ഒ.പി ബ്ലോക്കും, ഇ ഹെൽത്ത് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജെറിയാട്രിക് പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്കായുള്ള റാമ്പിന്റെ നിർമ്മാണം നടന്നു വരുന്നു. ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്, ട്രോമാകെയർ ബ്ലോക്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. PM-ABHIM ന്റെ ഭാഗമായി ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ സേവനങ്ങൾ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആർദ്രം മിഷന്റെ ഭാഗമായി ഒ.പികളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി ഓരോ നിലകളിലും ഒ.പി കൗണ്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അതാത് നിലകളിൽ ഒ.പികളിൽ നിന്നും നിർദ്ദേശിക്കുന്ന ബ്ലഡ് ടെസ്റ്റുകൾക്ക് ബ്ലഡ് നൽകുന്നതിന് അതാത് നിലകളിൽ ' തന്നെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. RSBY തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന RSBY കൗണ്ടർ ഉണ്ട്. കൂടാതെ സേവനങ്ങൾ സംബന്ധിച്ച നെയിം ബോർഡുകൾ ആശുപത്രിയുടെ മുൻഭാഗത്ത് അതാതു നിലകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഒ.പി കൗണ്ടറുകളിൽ ഇരിപ്പിടങ്ങൾ, ടെലിവിഷൻ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ നിലകളിലും കുടിവെള്ളവും ചൂട് വെള്ളവും ലഭ്യമാക്കിയിട്ടുണ്ട്. ICU കളിൽ ഓക്സിജൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ നിലകളിലും ഒ.പി കൗണ്ടർ, വയോജന ക്ലിനിക്കുകൾ തുടങ്ങിയ സൗകര്യങ്ങൾ ആരംഭിച്ചിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി ജനസൗഹൃദമാക്കുന്നത് ആർദ്രം പദ്ധതിയിലൂടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 4.8 കോടി രൂപ ചെലവഴിച്ചു. ഫാർമസി പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ഒ.പി.മുറികളിൽ എ.സി സ്ഥാപിച്ചു. രജിസ്ട്രേഷൻ ബില്ലിംഗ് കൗണ്ടറുകളുടെ എണ്ണം കൂട്ടി. ഒ.പി മുറികളിൽ എ.സി സ്ഥാപിച്ചു. രജിസ്ട്രേഷൻ ബില്ലിംഗ്

കൗണ്ടറുകളുടെ എണ്ണം കൂട്ടി. ഒ.പി ഫാർമസി ഏരിയകളിൽ വിശാലമായ ഇരിപ്പിടങ്ങൾ ഒരുക്കി. ഫാർമസികളിൽ ടോക്കൺ സമ്പ്രദായം നടപ്പിലാക്കി. ഒ.പി കൾ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ആകാശപാത നിർമ്മിച്ചു. ഒ.പി കളിലെ ശുചിമുറികൾ നവീകരിച്ചു. കാരുണ്യ, എച്ച്.എൽ.എൽ ഫാർമസികൾ പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇ-ഹെൽത്ത് പദ്ധതിയും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ആരംഭിച്ചു. ഇ-ഹെൽത്ത് പദ്ധതികളിലൂടെ ഒ.പി.കളിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയതോട്ടു കൂടി രോഗികൾ ക്യൂവിൽ നിൽക്കുന്ന സമയം ലഘൂകരിക്കാൻ സാധിച്ചു. കൂടാതെ രോഗികളുടെ പരിശോധന ഫലങ്ങളുടെ റിപ്പോർട്ടുകൾ ഡോക്ടർമാരുടെ സമീപത്തെ കമ്പ്യൂട്ടറുകളിൽ ലഭ്യമാകുകയും ചെയ്യുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ടെസ്റ്റുകളും, ചികിത്സയും മറ്റ് സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെട്ട സാഹചര്യത്തിൽ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി രോഗീസൗഹൃദമായി ഒ.പി നവീകരിച്ച്. ഭിന്നശേഷി സൗഹൃദ ടോയ്ലെറ്റ്, ഒ.പി.ഇരപ്പിടങ്ങൾ, കുടിവെള്ളം, SighBoard OP, ഇലക്ട്രോണിക് ഒ.പി രജിസ്ട്രേഷൻ, തുടങ്ങിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഇ-ഹെൽത്ത് പദ്ധതി വഴി വീട്ടിലിരുന്ന് ഒ.പി ടിക്കറ്റ് എടുക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആർദ്രം പദ്ധതി വഴി ഗവൺമെന്റ് ആശുപത്രികളെ ജനസൗഹൃദമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ഒ.പി യിൽ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രോഗികൾക്ക് ഇരിക്കുന്നതിനാവശ്യമായ എയർപോർട്ട് ചെയർ, വിനോദ ഉപാധിയായ ടി.വികൾ, വാട്ടർ ഡിസ്പെൻസർ, വാൾ പെയിന്റിംഗ് ശീതികരിച്ചതും രോഗിയുടെ സ്വകാര്യത ഉറപ്പു വരുത്തുന്നതുമായ ഒ.പികൾ രോഗികൾക്ക് ഒ.പി കണ്ടെത്തുന്നതിനായി കളർ ചെയ്ത ദിശാ സൂചിക എന്നിവ സജ്ജമാക്കി.

എസ്.എ.റ്റി ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനായി പുതിയ ഒ.പി.ബ്ലോക്ക് പണികഴിപ്പിക്കുകയും, തിരക്ക് കണക്കിലെടുത്ത് ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. ജീർണ്ണാവസ്ഥയിലായ വാർഡുകൾ പുതുക്കിപണിതു. എച്ച്.എൽ.എൽ ന്റെ കീഴിൽ ആശുപത്രികളിൽ നിന്നും എം.ആർ.ഐ/സി.റ്റി സ്കാനുകൾ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. രോഗികൾക്കായി പുതിയ ബ്ലോക്കിൽ വാട്ടർ പ്യൂരിഫയറും, വൃത്തിയുള്ള ശുചിമുറികളും സജ്ജമാക്കി. ഒ.പി ബ്ലോക്കിൽ ലഘുഭക്ഷണശാലയും സജ്ജമാക്കുകയും ചെയ്തു.

പീഡിയാട്രിക് വിഭാഗത്തിൽ കുട്ടികളുടെ ഡയബറ്റിക് ചികിത്സയ്ക്കായി മിഠായി ക്ലിനിക്, നിയോനാറ്റോളജി ഗാസ്ട്രോഎന്ററോളജി ചികിത്സകൾ, കാർഡിയോതൊറാസിക് യൂണിറ്റ് വിഭാഗങ്ങൾ രൂപീകരിച്ചു. പുതിയ കാത്ത് ലാബ് സ്ഥാപിച്ചു. ശിശുഹൃദയ ശസ്ത്രക്രിയാ യൂണിറ്റ് ആരംഭിച്ചു.

ഈ ആശുപത്രിയിലെ ഗൈനക് വിഭാഗത്തിൽ ഗർഭിണികൾക്കും രോഗികൾക്കും അത്യാധുനിക സൗകര്യങ്ങളോടെ പുതിയ ഒ.പി.ബ്ലോക്ക് പണികഴിപിച്ച് പ്രവർത്തനം തുടങ്ങി. ഇവയെല്ലാം ഈ ആശുപത്രിയെ ജനസൗഹൃദമാക്കി.

Hari

സെക്ഷൻ ഓഫീസർ